**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2423** **07-07-2022 - ൽ മറുപടിയ്ക്ക്**

**നാഷണൽ സേവിംഗ്സ് പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാഷണൽ സേവിംഗ്സ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ പദ്ധതികളെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളായതിനാൽ വകുപ്പിന് സ്വന്തമായി പദ്ധതി ആവിഷ്കരിക്കുന്നതിന് പരിമിതിയുണ്ട്. നിലവിൽ ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നു വരുന്നു. 2021-2022 സാമ്പത്തിക വർഷത്തിൽ 3500കോടി രൂപയാണ് മിച്ച നിക്ഷേപ ലക്ഷ്യമായി നിർണ്ണയിച്ചിരുന്നതെങ്കിലും 5501.34 കോടി രൂപ മിച്ച നിക്ഷേപമായി സമാഹരിക്കുവാൻ സാധിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ മിച്ച നിക്ഷേപ ലക്ഷ്യമായി സർക്കാർ നിർണ്ണയിച്ച് നൽകിയ 6000കോടി രൂപ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഏജന്റുമാരുടെ സേവനം കൂടുതൽ കാര്യക്ഷമമായി വിനിയോഗിക്കുകയും അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി KILA-യുമായി ചേർന്ന് "ക്രെഡിറ്റ് & ഫിനാൻസ് മാനേജ്മെന്റ്" എന്ന വിഷയത്തിൽ എല്ലാ ജില്ലകളിലും പരിശീലന കളരി സംഘടിപ്പിച്ചുവരികയുമാണ്. പൊതുജനത്തിന് പദ്ധതികളെക്കുറിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനായി ഉദ്യോഗസ്ഥതലത്തിൽ യോഗങ്ങളും സെമിനാറുകളും സംഘടിപ്പിക്കുകയും ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ വ്യാപക പ്രചാരണം നടത്തിവരുകയും ചെയ്യുന്നുണ്ട്. കൂടാതെ നിക്ഷേപ സമാഹരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലാടിസ്ഥാനത്തിൽ മികച്ച പ്രകടനം |

| | | | |
|---|---|---|---|
| | | | കാഴ്ചവയ്ക്കുന്ന ഏജന്റുമാർക്ക് പുരസ്കാരം നൽകുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | സ്കൂൾ, കോളേജ് വിദ്യാർത്ഥികളിൽ സമ്പാദ്യ ശീലം വളർത്തുന്നതിന് നാഷണൽ സേവിംഗ്സ് വഴി പദ്ധതികൾ നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | സ്കൂൾ വിദ്യാർത്ഥികളിൽ സമ്പാദ്യ ശീലം വളർത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വന്നിരുന്ന സഞ്ചയിക പദ്ധതി കേന്ദ്ര സർക്കാർ 01-10-2016 പ്രാബല്യത്തിൽ നിർത്തലാക്കിയ സാഹചര്യത്തിൽ അതേ മാനദണ്ഡം നിലനിർത്തിക്കൊണ്ട് 28/09/2016 -ലെ സ.ഉ.(സാധാ) നം.7833/2016/ധന നമ്പർ ഉത്തരവ് പ്രകാരം ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്, ട്രഷറി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നീ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ സ്റ്റുഡൻസ് സേവിംഗ്സ് സ്കീം എന്ന പേരിൽ ഒരു പദ്ധതി ആരംഭിക്കുകയും സംസ്ഥാനത്തെ 320 സ്കൂളുകളിൽ നടപ്പിലാക്കുകയും ചെയ്തു. എന്നാൽ കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തനസജ്ജമല്ലാതിരുന്നതിനാൽ വ്യാപകമായി നടപ്പിലാക്കാൻ കഴിയാതിരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം മുതൽ കൂടുതൽ വിപുലമാക്കാനുള്ള നടപടി കൈക്കൊണ്ടുവരികയാണ്.<br><br>കോളേജ് തലത്തിലെ വിദ്യാർത്ഥികൾക്കായി ഇത്തരത്തിലുള്ള പദ്ധതികളെന്തെങ്കിലും നടപ്പിലാക്കുന്ന കാര്യം നിലവിൽ ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ